# കേരള സർവകലാശാല

നം. പി.ആർ.112/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ലൈബ്രറി അസിസ്റ്റന്റ് ഒഴിവ്

കേരള സർവകലാശാല യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ കരാറടിസ്ഥാനത്തിൽ ലൈബ്രറി അസിസ്റ്റന്റ് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ നാല് വൈകുന്നേരം അഞ്ച് മണിവരെ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഒന്നാം വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ പരീക്ഷകളുടെ മാർക്ക്ലിസ്റ്റുകൾ ജൂൺ 28, 29, 30 തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ വിതരണം ചെയ്യും. എസ്.ഡി.ഇ, എൽ.എസ്.സി വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി വന്ന് മാർക്ക്ലിസ്റ്റ് കൈപ്പറ്റണം.

### ബി.എച്ച്.എം ടൈംടേബിൾ

കേരള സർവകലാശാല ആറ്, എട്ട് സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) (2011, 2006 സ്കീം), നാലാം സെമസ്റ്റർ (2014 സ്കീം) പരീക്ഷകൾ ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം - പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ്) നാലാം സെമസ്റ്റർ 2013 സ്കീം കോഴ്സ് കോഡിൽ വരുന്ന രണ്ടാം സെമസ്റ്റർ (പാർട്ട് ടൈം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### വായനവാരാഘോഷ സമാപനവും മെരിറ്റ് ഡേയും

കേരള സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വായന വാരാഘോഷ പരിപാടികളുടെ സമാപന സമ്മേളനം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം.ആർ തമ്പാൻ ഉദ്ഘാടനം ചെയ്തു. പരീക്ഷാ കൺട്രോളർ ഡോ. കെ മധു ആദ്ധ്യക്ഷം വഹിച്ച സമ്മേളനത്തിൽ ഉപന്യാസ മത്സര വിജയികൾക്കുള്ള പുരസ്കാരവും വിവിധ പരീക്ഷകളിൽ മികച്ച വിജയം നേടിയ ലൈബ്രറി ജീവനക്കാരുടെ മക്കൾക്കുള്ള അവാർഡും, പി.എച്ച്.ഡി നേടിയ ഡോ. സുധി എസ്. വിജയനുമുള്ള ഉപഹാരവും മലയാളം കമ്മ്യൂണിക്കേഷൻ ന്യൂസ് ഡയറക്ടർ ശ്രീ. എൻ.പി ചന്ദ്രശേഖരൻ സമ്മാനിച്ചു. ഡോ. എ.എം ഉണ്ണികൃഷ്ണൻ ആശംസകൾ അർപ്പിച്ചു. സർവകലാശാല ലൈബ്രേറിയൻ-ഇൻ- ചാർജ്ജ് എ. ഹംസ സ്വാഗതവും ഡെപ്യൂട്ടി ലൈബ്രേറിയൻ കെ. ഗായത്രി നന്ദിയും രേഖപ്പെടുത്തി.

(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)



## ലാംഗ്വേജ് ലാബ് ഉദ്ഘാടനം ചെയ്തു

കേരള സർവകലാശാല കാര്യവട്ടം അറബിക് പഠനവകുപ്പിന്റെ ലാംഗ്വേജ് ലാബിന്റെ ഉദ്ഘാടനം ഡോ. ശശി തരൂർ എം.പി നിർവ്വഹിച്ചു. അറബിക് പഠനവകുപ്പ് തലവൻ ഡോ. താജുദ്ദീൻ എ.എസ് ആദ്ധ്യക്ഷം വഹിച്ചു.

(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)




**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
27.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**